പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1668 21/01/2014-ൽ മറുപടിയ്ക്ക്

## കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതി പ്രകാരം 2012-13 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു; | എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ വിപണി ഇടപെടലിനായി 500.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും പിന്നീട് പദ്ധതി നടത്തിപ്പിനായി അധിക തുക ആവശ്യമായിവന്ന സാഹചര്യത്തിൽ 3517.00 ലക്ഷം രൂപ കൂടി അധികം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത തുക ഏതെല്ലാം സംഭരണ ഏജൻസികൾക്കാണ് നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;<br>സി) അനുവദിച്ച തുകയിൽ ഓരോ ഏജൻസിയും എത്ര രൂപ വീതം ചിലവഴിച്ചു; വിശദമാക്കുമോ? | ബി) സി) പഴം-പച്ചക്കറികളുടെ വിപണി ഇടപെടലിനായി 2012-13-ൽ ഹോർട്ടികോർപ്പിന് 1133.54 ലക്ഷം രൂപയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് 560.00 ലക്ഷം രൂപയുമാണ് കൃഷി വകുപ്പ് നൽകിയിട്ടുള്ളത്. ടി ഏജൻസികൾ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള റീട്ടെയിൽ സ്റ്റാളുകളിലൂടെ വിപണി ഇടപെടൽ നടത്തിയതിനായി തുക വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ ഓണം-ക്രിസ്തുമസ് സീസണിൽ കുറഞ്ഞ വിലക്ക് വെളിച്ചെണ്ണ വിപണനം നടത്തി വിപണിയിൽ ഇടപെടൽ നടത്തിയ ഇനത്തിൽ കേരഫെഡിന് 223.46 ലക്ഷം രൂപ നൽകി നഷ്ടം നികത്തിയിട്ടുണ്ട്.<br><br>ഇതിനു പുറമെ 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ കേരഫെഡ് സംസ്ഥാനത്തെ 8 ജില്ലകളിലെ (കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് കണ്ണൂർ, കാസർഗോഡ്) കൃഷി ഭവനിലൂടെ കർഷകരിൽ നിന്നും നേരിട്ട് പച്ചനാളികേരം സംഭരണം നടപ്പിലാക്കുന്നതിനായി 2100 ലക്ഷം രൂപ കേരഫെഡിന് നൽകി വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ